**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 999** **14-01-2021 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ മണ്ഡലത്തിൽ വരൾച്ച നേരിടുന്നതിനുള്ള സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വരൾച്ച നേരിടുന്നതിന് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | വരൾച്ച നേരിടുന്നതിന് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ഭൂജല വകുപ്പ് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 1 ൽ ഉള്ളടക്കം ചെയ്യുന്നു. ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ, വരുന്ന വേനൽക്കാലത്ത് സ്രോതസ്സുകളിലെ ജലവിതാനത്തിന്റെ അടിസ്ഥാനത്തിൽ ജലവിതരണം പ്രത്യേകം ക്രമീകരിക്കുന്നതിനും പദ്ധതി ഘടകങ്ങൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമെങ്കിൽ അവ മുൻകൂട്ടി ചെയ്യുന്നതിനും കുടിവെള്ള സമിതികൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതോടൊപ്പം വെള്ളത്തിന്റെ ഉപയോഗം പരിമിതപ്പെടുത്തിയും ദുരുപയോഗം ഇല്ലാതാക്കിയും കുടിവെള്ളക്ഷാമം നേരിടുന്നതിനും ആവശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി സമിതികൾക്ക് നിർദ്ദേശം കൊടുക്കുന്നു . മാത്രവുമല്ല വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ അണുനശീകരണ പ്രവർത്തനങ്ങൾ കൃത്യമായി ചെയ്യാൻ എല്ലാ സമിതികൾക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയും പുലാമന്തോൾ, ഏലംകുളം, താഴേക്കോട്, പഞ്ചായത്തുകളിലുമാണ് വാട്ടർ അതോറിറ്റി മുഖേന ശുദ്ധജല വിതരണം നടത്തി വരുന്നത്. ഇതിൽ വരൾച്ച കാലത്തേക്ക് ആവശ്യമായ ജലം സംഭരിക്കുന്നതിന് ഭൂത പുഴയിൽ കട്ടുപ്പാറ സ്ഥിരം തടയണയിൽ ഷട്ടർ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ ടാങ്കർ ലോറികളിൽ ജലം നൽകുന്നതിനാവശ്യമായ ഫില്ലിംഗ് സ്റ്റേഷൻ സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ മണ്ഡലത്തിൽ രൂക്ഷമായ വരൾച്ചബാധിത പ്രദേശങ്ങളായി കണക്കാക്കപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ്; | (ബി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷന് കീഴിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കനാലുകൾ നവീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വി.സി.ബികളുടെ അറ്റകുറ്റപ്പണികൾ എസ്.ഡി.ആർ.എഫിൽ ഉൾപ്പെടുത്തി നടത്തിയിട്ടുണ്ട്. കൂടാതെ പുലമാന്തോൾ പഞ്ചായത്തിൽ മങ്ങാട്ടുകുളത്തിന്റെ നവീകരണം പുരോഗമിച്ചു വരുന്നു. മേജർ ഇറിഗേഷന് കീഴിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പുഴകളിൽ ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെക്ക് ഡാമുകളിൽ വെള്ളം സംഭരിക്കുകയും ചെയ്യാറുണ്ട്. ജലസംരക്ഷണത്തിനായി ഹരിതകേരള മിഷന്റെ ഭാഗമായി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മേലാറ്റൂർ, വെട്ടത്തൂർ, താഴേക്കോട് എന്നീ പഞ്ചായത്തുകളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ മണ്ഡലത്തിൽ വരൾച്ചാ ബാധിത പ്രദേശങ്ങൾ പ്രത്യേകമായി കണക്കാക്കപ്പെട്ടിട്ടില്ല. എന്നാൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ 500 കുടുംബങ്ങൾക്ക് ജല ജീവൻ മിഷൻ പദ്ധതിയിൽ കണക്ഷൻ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആകെ അടങ്കൽ തുക 58,38,222/- രൂപയാണ്. ഭൂജലവകുപ്പ് മുഖേന ജലമെത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II ൽ ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഈ സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിനും കൃഷിയ്ക്കും ജലമെത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ ഏതൊക്കെയാണ്; ഇതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷന് കീഴിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ കനാലുകൾ നവീകരിച്ചിട്ടുണ്ട്. വി.സി.ബികളുടെ അറ്റകുറ്റപ്പണികൾ എസ്.ഡി.ആർ.എഫിൽ ഉൾപ്പെടുത്തി നടത്തിയിട്ടുണ്ട്. കൂടാതെ പുലമാന്തോൾ പഞ്ചായത്തിൽ മങ്ങാട്ടുകുളത്തിന്റെ നവീകരണം പുരോഗമിച്ചു വരുന്നു. മേജർ ഇറിഗേഷന് കീഴിൽ രൂക്ഷമായ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പുഴകളിൽ ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെക്ക് ഡാമുകളിൽ വെള്ളം സംഭരിക്കുകയും ചെയ്യാറുണ്ട്. ജലസംരക്ഷണത്തിനായി ഹരിതകേരള മിഷന്റെ ഭാഗമായി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മേലാറ്റൂർ, വെട്ടത്തൂർ, താഴേക്കോട് എന്നീ പഞ്ചായത്തുകളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പെരിന്തൽമണ്ണ മണ്ഡലത്തിൽ വരൾച്ചാ ബാധിത പ്രദേശങ്ങൾ പ്രത്യേകമായി കണക്കാക്കപ്പെട്ടിട്ടില്ല. എന്നാൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ 500 |

| | | | |
|---|---|---|---|
| | | | കുടുംബങ്ങൾക്ക് ജല ജീവൻ മിഷൻ പദ്ധതിയിൽ കണക്ഷൻ നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആകെ അടങ്കൽ തുക 58,38,222/- രൂപയാണ്. ഭൂജലവകുപ്പ് മുഖേന ജലമെത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II ൽ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ